**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പിലെ എസ്.എസ്.എൽ.സി യോഗ്യതയില്ലാത്ത എൽ. ഡി. ക്ലാർക്കുമാർക്ക് സ്പെഷ്യൽ ടെസ്റ്റിൽ നിന്നും ഒഴിവാക്കി മുൻകാല പ്രാബല്യത്തോടെ ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും അർഹമായ വാർഷിക ശമ്പള വർദ്ധനവ് ശമ്പളകുടിശ്ശിക ഉൾപ്പെടെ അനുവദിച്ചു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ ) നം. **161/2016/**തസ്വഭവ. തീയതി, തിരുവനന്തപുരം **29/01/2016**

---

പരാമർശം : പഞ്ചായത്ത് ഡയറക്ടറുടെ 11.07.2012 & 29.05.2014 ലെ ഇ 6-11342/2012 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

എസ്.എസ്.എൽ.സി യോഗ്യതയില്ലാത്ത എൽ. ഡി. ക്ലാർക്കുമാർക്ക് നടക്കാത്ത സ്പെഷ്യൽ ടെസ്റ്റ് പാസ്സായിട്ടില്ലായെന്ന പേരിൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ വാർഷിക ശമ്പള വർദ്ധനവ് നിഷേധിക്കുന്നതായി ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശിത കത്തുകൾ പ്രകാരം പ്രൊപ്പോസൽ സമർപ്പിയ്ക്കുകയുണ്ടായി.

കേരള പഞ്ചായത്ത് (കോമൺ സർവ്വീസ്) ഭേദഗതി ചട്ടങ്ങൾ 1987 പ്രകാരം തുടർച്ചയായി 5 വർഷം 100% നികുതി പിരിവ് പൂർത്തിയാക്കുന്ന എസ്.എസ്.എൽ.സി പാസ്സാകാത്ത ജൂനിയർ ബിൽ കളക്ടർ /പ്യൂൺ എന്നിവർക്ക് ബിൽ കളക്ടറായി സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതായും ടിയാളുകൾക്ക് അടുത്ത വാർഷിക ശമ്പള വർദ്ധനവ് ലഭിക്കണമെങ്കിൽ പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശപ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന സ്പെഷ്യൽ ടെസ്റ്റ് വിജയിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1994 ലെ മൂന്നാം ചട്ടത്തിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ എസ്.എസ്.എൽ.സി പാസ്സാകാത്ത എൽ. ഡി. ക്ലാർക്കുമാർക്ക് രണ്ടാമത്തെ വാർഷിക ശമ്പള വർദ്ധനവ് ലഭിക്കണമെങ്കിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന സ്പെഷ്യൽ ടെസ്റ്റ് പാസ്സാകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വിഭാഗത്തിൽപ്പെട്ട 11 പേർ വകുപ്പിലുണ്ടെന്നാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടിയാളുകൾക്ക് അർഹമായ ശമ്പള വർദ്ധനവ് തടഞ്ഞത് ഒഴിവാക്കുന്നതിനും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്പെഷ്യൽ ടെസ്റ്റ് നടത്തുന്നതുവരെയും ടിയാളുകൾക്ക് ശമ്പള വർദ്ധനവ് നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ് & എസ്.എസ്. ആർ ഭാഗം II പൊതു ചട്ടം 13(ബി) പ്രകാരം 50 വയസ്സ് പൂർത്തിയാക്കിയ ജീവനക്കാരെ വകുപ്പുതല നിർബന്ധിത പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ കേസ്സിൽ ടി വിഭാഗത്തിൽപ്പെട്ട 11 പേർ 50 വയസ് പൂർത്തിയായവരുമാണ്. പരീക്ഷകൾ എഴുതാൻ അവസരം ലഭിക്കുകയും എന്നാൽ വിവധ കാരണങ്ങളാൽ പ്രസ്തുത പരീക്ഷ പാസ്സാകാൻ സാധിക്കാതെ വരികയും ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഈ ചട്ടപ്രകാരം ഇളവ് ലഭിക്കാൻ അർഹതയുണ്ട്.

പ്രസ്തുത ഉദ്യോഗസ്ഥരുടെ കുറ്റം കൊണ്ടല്ലാതെ ഏതാണ്ട് 10 വർഷത്തിന് മേലെയായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയിട്ടില്ലാത്ത ഒരു പരീക്ഷയുടെ പേരിൽ ടി ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരിക്കുന്നതും അവർക്ക് അർഹമായ വാർഷിക ശമ്പള വർദ്ധനവ് അനുവദിക്കാതിരിക്കുന്നതും സാമാന്യ നീതിയുടെ നിഷേധമാണ്.

മേൽ സാഹചര്യത്തിൽ കെ.എസ്&എസ്.എസ്. ആർ ഭാഗം II, ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് അനുബന്ധമായി ചേർത്തിരിയ്ക്കുന്ന പട്ടികയിലെ 11 ഉദ്യോഗസ്ഥരുടെയും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ മറ്റ് നിബന്ധനകൾ ഈ ഉദ്യോഗസ്ഥർ പൂർത്തിയാക്കിയെങ്കിൽ, സ്പെഷ്യൽ ടെസ്റ്റിൽ നിന്നും ഒഴിവാക്കി മുൻകാല പ്രാബല്യത്തോടെ ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും അർഹമായ വാർഷിക ശമ്പള വർദ്ധനവ്, ശമ്പളകുടിശ്ശിക ഉൾപ്പെടെ ഈ ഉദ്യോഗസ്ഥർക്ക് അനുവദിച്ച നൽകുന്നതിന് നടപടികൾ സ്വീകരിയ്ക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.സി.എസ്**
**ഗവ.അണ്ടർസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.
ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പ് ( 28174/ബി2/2014/ഉഭപവ തീയതി 101/01/2015 നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ധനവകുപ്പ് ( ഡെവ.1/185/2014/ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പേര്/ഓഫീസ് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തസ്തിക | തീയതി | എൽ.ഡി ക്ലാർക്ക് തസ്തികയിൽപ്ര വേശിച്ച തീയതി |
|---|---|---|---|---|---|
| 1 | ശ്രീ. പോക്കർ.വി<br>എൽ.ഡി ക്ലാർക്ക്<br>പി.എ.യു-7,എടപ്പാൾ പഞ്ചായത്ത് അസിസ്റ്റൻറ് ഡയറക്ടർ ആഫീസ് മലപ്പുറം | 15/07/56 | പാർട്ട് ടൈം സ്വീപ്പർ | 20.03.1975 | 20.12.1999 |
| 2. | ശ്രീ. പി.ടി.മുഹമ്മദ് അലി<br>എൽ.ഡി ക്ലാർക്ക്<br>കീഴപറമ്പ് ഗ്രാമ പഞ്ചായത്ത്, മലപ്പുറം. | 15/06/57 | പാർട്ട് ടൈം സ്വീപ്പർ | 22.06.1977 | 15.10.1986 |
| 3. | ശ്രീ.കെ.എൽ.അലക്സാണ്ടർ<br>എൽ.ഡി ക്ലാർക്ക്<br>പി.എ.യു-1<br>നിലമ്പൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസ് മലപ്പുറം | 18.05.1957 | പ്യൂൺ | 24.12.1976 | 02/08/88 |
| 4. | ശ്രീ. പി. അബ്ദു റഹിമാൻ<br>എൽ.ഡി ക്ലാർക്ക്<br>മേലാറ്റൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം. | 25.03.1954 | പാർട്ട് ടൈം സ്വീപ്പർ | 30.12.1977 | 06.05.1988 |
| 5. | ശ്രീ. വേണുഗോപാലൻ എൻ.കെ<br>എൽ.ഡി ക്ലാർക്ക്<br>വേങ്ങര ഗ്രാമ പഞ്ചായത്ത്, മലപ്പുറം. | 01.12.1956 | പാർട്ട് ടൈം സ്വീപ്പർ | 02.01.1980 | 16.08.1993 |
| 6. | ശ്രീ. കൃഷ്ണൻനായർ.പി<br>എൽ.ഡി ക്ലാർക്ക്<br>എടവണ്ണ ഗ്രാമ പഞ്ചായത്ത്, മലപ്പുറം. | 15.10.1955 | പാർട്ട് ടൈം പൗണ്ട് കീപ്പർ | 07.04.1973 | 13.06.1988 |

| | | | | | |
|---|---|---|---|---|---|
| 7. | ശ്രീ. മീരാൻ റാവുത്തർ ഉമ്മർ<br>എൽ.ഡി ക്ലാർക്ക്<br>കരുണാപുരം<br>ഗ്രാമ പഞ്ചായത്ത്, ഇടുക്കി | 27.10.1954 | പാർട്ട് ടൈം<br>സ്വീപ്പർ | 01.03.1976 | 21.02.2000 |
| 8. | ശ്രീ. കെ.പി. അയ്യപ്പൻകുട്ടി<br>എൽ.ഡി ക്ലാർക്ക്<br>കടമ്പഴിപ്പുറം ഗ്രാമ<br>പഞ്ചായത്ത്, പാലക്കാട് | 01.01.1959 | പാർട്ട് ടൈം<br>പൗണ്ട് കീപ്പർ | 18.08.1978 | 08.06.1993 |
| 9. | ശ്രീമതി. എ.ശ്യാമള<br>എൽ.ഡി ക്ലാർക്ക്<br>കാവശ്ശേരി ഗ്രാമ<br>പഞ്ചായത്ത്, പാലക്കാട്<br>ജില്ല | 10.05.1964 | ഓഫീസ്<br>അറ്റൻഡന്റ് | 28.10.1985 | 01.01.2005 |
| 10 | ശ്രീ. ടി.എം. അബ്ബാസ്<br>വാണിയംകുളം<br>ഗ്രാമ പഞ്ചായത്ത്,<br>പാലക്കാട് | 02.02.1961 | പാർട്ട് ടൈം<br>ഹോം കീപ്പർ | 05.04.1980 | 01.04.1998 |
| 11 | ശ്രീമതി. പി.ഇന്ദിര<br>എൽ.ഡി ക്ലാർക്ക്<br>വിളയൂർ ഗ്രാമ പഞ്ചായത്ത്,<br>പാലക്കാട് | 29.05.1964 | ഓഫീസ്<br>അറ്റൻഡന്റ് | 28.10.1985 | 01.01.2005 |